**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1739** **08-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവകലാശാലയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിന്റെ റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ജേതാവായ വ്യക്തിക്ക് യോഗ്യത ഇല്ല എന്ന് ഹൈക്കോടതി വിധിച്ചത് എന്നാണ്; പ്രസ്തുത വ്യക്തിയുടെ നിയമനം സംബന്ധിച്ച നടപടികൾ പുനഃപരിശോധന നടത്തണമെന്ന കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കണ്ണൂർ സർവകലാശാലയിലെ മലയാളം പഠനവകുപ്പിൽ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട W.P.(C) No. 26918/2022 റിട്ട് ഹർജി, റാങ്ക് പട്ടികയിൽ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃ പരിശോധിച്ച് അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുവാൻ ഉത്തരവ് നൽകിക്കൊണ്ട് 17.11.2022 ന് ബഹു. കേരള ഹൈക്കോടതി തീർപ്പാക്കിയിട്ടുണ്ട്. കോടതി ഉത്തരവ് പരിഗണിച്ച് സർവകലാശാല സിൻഡിക്കേറ്റ് കൈക്കൊണ്ട തീരുമാന പ്രകാരം ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃ പരിശോധിക്കുന്നതിനായി 4 അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിയുടെ യോഗ്യത പരിശോധിക്കുന്നതിന് സർവകലാശാല സ്ക്രൂട്ടിനി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; റാങ്ക് പട്ടിക തയ്യാറാക്കുന്ന അവസരത്തിൽ പ്രസ്തുത വ്യക്തിയുടെ യോഗ്യത പരിശോധിച്ച് ബോധ്യപ്പെട്ടിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃപരിശോധിക്കുന്നതിനായി 4 അംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥി ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ചേർത്തിട്ടുള്ള രേഖകൾ പരിശോധിച്ച സ്ക്രീനിംഗ് കമ്മറ്റി, പ്രസ്തുത ഉദ്യോഗാർത്ഥിക്ക് മതിയായ യോഗ്യതകൾ ഉണ്ടെന്ന് കണ്ടെത്തിയത് അനുസരിച്ചാണ് ടിയാളെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുള്ളതും തുടർന്ന് ഓൺലൈനായി നടത്തിയ അഭിമുഖത്തിൽ പങ്കെടുപ്പിച്ചിട്ടുള്ളതും. |
| (സി) | സ്ക്രൂട്ടിനി കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നും പ്രസ്തുത വ്യക്തിയുടെ യോഗ്യത പരിശോധിക്കുന്നതിന് കമ്മിറ്റി എത്ര തവണ യോഗം ചേർന്നുവെന്നും അറിയിക്കാമോ; ഓരോ യോഗത്തിന്റെയും മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃ പരിശോധിക്കുന്നതിനായി 05.01.2023 ലെ സർവകലാശാല ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.<br><br>1. Dr.T.P Ashraf, Member Syndicate, Kannur University. |

| | | | |
|---|---|---|---|
| | | | 2. Prof.C Sadasivan, Senior most Professor, Kannur University.<br><br>3. Dr.Reeja V, Head of Department of Malayalam, Kannur University.<br><br>4. Registrar, Kannur University<br><br>ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർത്ഥിയുടെ യോഗ്യത പുനഃ പരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ ആദ്യ യോഗം 15.02.2023 ന് രാവിലെ 11 മണിക്ക് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ